# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.52

04.06.2018-ൽ മറുപടിക്ക്

### ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശിക്കുന്ന ഉത്തരവുകൾ

ചോദ്യം

ശ്രീ.വി. കെ. സി. മമ്മത് കോയ

ഉത്തരം

പിണറായി വിജയൻ

മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | സർക്കാരിന്റെ വിവിധ വകുപ്പുകളിൽ ഉണ്ടാകുന്ന ഒഴിവുകൾ നിശ്ചിത സമയത്തിനകം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശിക്കുന്ന ഉത്തരവുകൾ നിലവിലുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ; | (എ) | ഉണ്ട്.19.09.2014-ലെ 17482/ ഉപസി3/14/ഉഭപവ, 16.08.2017 ലെ 304/ഉപസി3/17/ഉഭപവ, 07.10.2017-ലെ ഉപസി1/222/17/ഉഭപവ, 13.12.2017-ലെ ഉപസി3/428/17/ഉഭപവ, 20.12.2017-ലെ ഉപസി3/141/17/ഉഭപവ, 07.02.2018-ലെ ഉപസി3/536/17/ഉഭപവ, 17.03.2018-ലെ ഉപസി3/428/17/ഉഭപവ എന്നീ സർക്കുലറുകൾ പ്രകാരം വകുപ്പ് മേധാവികൾക്കും നിയമന അധികാരികൾക്കും പി.എസ്.സി മുഖേന നികത്തപ്പെടേണ്ട ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് തന്നെ പി.എസ്.സിയെ അറിയിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. മേൽ സർക്കുലറുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കൃത്യസമയത്ത് ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യാതിരിക്കുന്ന കേസുകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം കേസുകളിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥരോട് വിശദീകരണം തേടുകയും സർക്കാർ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

## ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-സി) വകുപ്പ്

നം.17482/ഉപ.സി3/2014/ഉഭപവ  തിരുവനന്തപുരം, തീയതി : 19.09.2014.

### പരിപത്രം

വിഷയം:- ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്- കമ്പനി/ബോർഡ്/കോർപ്പറേഷനുകളിലെ എൽ.ജി.എസ്., ജൂനിയർ അസിസ്റ്റന്റ്, അസിസ്റ്റന്റ് ഗ്രേഡ് II, ക്ലാർക്ക്, കാഷ്യർ എന്നീ തസ്തികകളിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്.

സൂചന:- 1) 05.06.2014-ലെ 11244/ഉപ.സി3/14/ഉഭപവ നമ്പർ പരിപത്രം.

2) 23.07.2014-ലെ 10336/Adv.C3/14/P&ARD നമ്പർ പരിപത്രം.

നിലവിലുള്ള ഒഴിവുകളും, 2015ലെ പ്രതീക്ഷിത ഒഴിവുകളും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ നിയമനാധികാരികൾക്കും സൂചന (1), (2) എന്നിവയിലെ പരിപത്രങ്ങൾ പ്രകാരം സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുള്ളതാണ്. എന്നാൽ വിവിധ കമ്പനി/ബോർഡ്/കോർപ്പറേഷനുകൾ പ്രസ്തുത നിർദ്ദേശം പാലിക്കുന്നില്ല എന്ന് ധാരാളം പരാതികൾ സർക്കാരിന് ലഭിക്കുന്നുണ്ട്. ആയതിനാൽ അതാതു വകുപ്പിനു കീഴിൽ വരുന്ന, നിയമനങ്ങൾ പി.എസ്.സി.ക്കു വിട്ടുകൊടുത്തിട്ടുള്ള, വിവിധ കമ്പനി/ബോർഡ്/കോർപ്പറേഷനുകളുടെ ഒഴിവുകൾ യഥാസമയം പി.എസ്.സി.ക്കു റിപ്പോർട്ട് ചെയ്യുന്നുണ്ടെന്ന് വകുപ്പ് സെക്രട്ടറിമാർ ഉറപ്പു വരുത്തേണ്ടതാണെന്നും ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കാൻ സെക്രട്ടറി തലത്തിൽ ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക് കർശന നിർദ്ദേശം നൽകേണ്ടതാണെന്നും ഇതിനാൽ നിർദ്ദേശം നൽകുന്നു.

**ഇ.കെ.ഭരത്ഭൂഷൺ**
**ചീഫ് സെക്രട്ടറി**

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും.
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം, ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും, എല്ലാ സെക്ഷനുകൾക്കും.
എല്ലാ വകുപ്പു മേധാവികൾക്കും/നിയമനാധികാരികൾക്കും.
പൊതുമേഖലാ സ്ഥാപനങ്ങളുടെ ചീഫ് എക്സിക്യൂട്ടീവുമാർക്കും.
അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ മേധാവികൾക്കും.
എല്ലാ ജില്ലാ കളക്ടർമാർക്കും.
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്തു സഹിതം).
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്തു സഹിതം).
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്തു സഹിതം).
രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, എറണാകുളം/ തിരുവനന്തപുരം (ആമുഖ കത്തു സഹിതം).
വിവര പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടർക്ക് (വിപുലമായ പ്രചാരണത്തിന്).
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന് (സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്).
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

[signature]

സെക്ഷൻ ഓഫീസർ.

GOVERNMENT OF KERALA

**Personnel and Administrative Reforms (Advice-C) Department**

CIRCULAR

No. Adv. C3/304/17/P&ARD. *Dated, Thiruvananthapuram, 16th August, 2017.*

*Sub*:—Personnel and Administrative Reforms Department—Recruitment to Public Service—Advance intimation to the Kerala Public Service Commission regarding anticipated vacancies for the calender year 2018—Instructions—Issued.

*Ref*:—1. G. O. (Ms.) No. 232/1971/PD, dated 12-8-1971.

2. G. O. (P) No. 38/1992/P&ARD, dated 18-9-1992.

3. Circular No. 4185/Adv.C3/2009/P&ARD, dated 1-6-2009.

4. Circular No. 5755/Adv.C3/2013/P&ARD, dated 2-4-2013.

5. Circular No. 10336/Adv.C3/2014/P&ARD, dated 23-7-2014.

6. Circular No. 8983/Adv.C3/2015/P&ARD, dated 17-8-2015.

7. Circular No. Adv.C3/104/2016/P&ARD, dated 17-8-2016.

As per the reference first cited, it was ordered that the Appointing Authorities should report to the Kerala Public Service Commission, the vacancies estimated for one year in each category of posts separately by the first of June every year and that if no vacancies are anticipated a 'Nil' report should invariably be sent.

2. Again, as per the Circular 3rd cited, all Heads of Departments and Appointing Authorities were directed to see that the anticipated vacancies for the calendar year that are caused by retirement/promotion/creation/deputation etc. or 'Not Joining Duty' of a candidate advised earlier are assessed and reported to the Kerala Public Service Commission, concerned Administrative Department and Personnel and Administrative Reforms (Advice-C) Department in advance latest by the 30th June every calendar year. Similar instructions were given in Circular 4th, 5th ,6th and 7th cited.

3. In the above circumstances, in order to avoid delay in assessing and reporting vacancies to the Kerala Public Service Commission, Government are pleased to issue the following instructions to the Heads of Departments/Appointing Authorities:

(i) The Appointing Authorities should report to the Public Service Commission the anticipated vacancies for the calendar year 2018 (1st January, 2018 to 31st December, 2018) in each category of posts separately by the 1st September, 2017. If no vacancies are anticipated, a 'Nil' report should invariably be sent. The details of vacancies reported to the Kerala Public Service Commission for the calendar year 2018 shall be furnished by the Appointing Authorities to the Administrative Department concerned in the Secretariat with copy to Personnel and Administrative Reforms (Advice-C) Department by 30th September, 2017 without fail in the following format:—

| *Name of Department* | *Name of Post* | *Number of vacancies anticipated* | *Number of vacancies reported to KPSC* | *Date of reporting to KPSC* |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| | | | | |

(ii) In the case of State-wise recruitment, the responsibility of reporting anticipated vacancies to KPSC lies with the Heads of Departments concerned.

(iii) In the case of District-wise recruitment when an officer retires from a promoted post, it is the responsibility of the Heads of Departments to determine the District where a vacancy in the entry cadre post is likely to arise, on the basis of the final seniority list of officers in the entry cadre for promotion in his department and to inform the same to the District Officers concerned in his department, so as to enable them to report these vacancies to KPSC.

(iv) While reporting anticipated vacancies, prescribed percentage of vacancies as per rules should be set aside for By-transfer appointment, Inter-district/Inter departmental transfer, appointment under Compassionate Employment Scheme and other appointment, specified in special rules.

(v) The Appointing Authorities should exercise extreme diligence and accuracy in reporting vacancies to the Public Service Commission. When once the vacancies are reported to the Commission, they should neither be cancelled nor reduced. They should also note that the date of occurrence of the vacancy should be treated as the crucial date for deciding the method of appointment. The practice, if any, of filling the vacancies by promotion/transfer after reporting the vacancies to the Commission should be discontinued.

(vi) All the vacancies with a duration of six months and above except leave vacancies should invariably be reported to the Commission.

(vii) Maternity leave vacancies for six months need not be reported to Kerala Public Service Commission. But the maternity leave vacancies that are likely to continue beyond six months should be reported to K.P.S.C. if the vacancies are likely to last long and new vacancies are likely to arise.

(viii) When there is a ranked list, existing vacancies shall invariably be filled up from the candidates in that list.

(ix) All 'Not Joining Duty' (NJD) vacancies should be reported to K.P.S.C. soon after the completion of time limit prescribed for joining duty. Appointing Authority shall ensure that no request for extension of joining time is pending with the Government or with the Appointing Authority before the fact of 'Not Joining Duty' is reported to the K.P.S.C.

(x) Provisional appointments through Employment Exchanges, daily wages and contract basis shall not be resorted to in respect of any posts for which there is a valid Public Service Commission ranked list.

(xi) The Heads of Departments/Appointing Authorities will take utmost care in furnishing the correct information on the vacancy position in the prescribed pro forma (appended for ready reference ) to Kerala Public Service Commission.

4. Any violation of these instructions by any of the Heads of Departments/Appointing Authorities will be viewed seriously and the officer concerned shall be held personally responsible.

SATYAJEET RAJAN,
*Principal Secretary.*

To

All Additional Chief Secretaries/Principal Secretaries/Secretaries/Special Secretaries.

All Heads of Departments/Appointing Authorities and Offices.

All Chief Executives of Public Sector Undertakings.

All Heads of Autonomous Bodies/Quasi Government Organisations.

All District Collectors.

All Departments (all sections) of the Secretariat including Law and Finance.

The Principal Accountant General (Audit), Kerala, Thiruvananthapuram (with C.L.).

The Accountant General (A&E), Kerala, Thiruvananthapuram (with C.L.).

The State Election Commission, Kerala, Corporation Office Complex, Thiruvananthapuram (with C.L.).

The Secretary, Kerala Public Service Commission (with C.L.).

The Secretary, Legislature Secretariat (with C.L.).

The Registrar, High Court of Kerala, Ernakulam (with C.L.).

The Registrar, University of Kerala/Kochi/Kozhikode/Kannur (with C.L.).

The Registrar, Mahatma Gandhi University, Kottayam (with C.L.).

The Registrar, Kerala Agricultural University, Thrissur (with C.L.).

The General Manager, Kerala State Road Transport Corporation, Thiruvananthapuram (with C.L.).

The Secretary, Kerala State Electricity Board, Thiruvananthapuram (with C.L.).

The Advocate General, Ernakulam/Thiruvananthapuram Branch (with C.L.).

The Private Secretary to Chief Minister and other Ministers (with C.L.).

The Private Secretary to the Leader of Opposition, Cantonment House, Thiruvananthapuram (with C.L.).

The Private Secretary to the Speaker/Deputy Speaker, Legislative Assembly, Thiruvananthapuram (with C.L.).

The Secretary to the Governor, Raj Bhavan, Thiruvananthapuram (with C.L.).

The Additional Secretary to the Chief Secretary.

The Director, Information and Public Relations Department (for wide publicity).

Information and Public Relations (Web and New media) Department (for uploading in Government Website).

Stock File/Office Copy.

# PRO FORMA FOR REPORTING VACANCIES FOR THE YEAR ..............

[Vide G. O. (P) No. 38/92/P&ARD, dated 18-9-1992]

....................................................... **Department**

1. Designation of the post with scale of pay :

2. Name of the service to which the post belongs [as classified under Kerala Civil Service (Classification, Control, and Appeal) Rules, 1960] :

3. Method of recruitment ie., by direct recruitment (If direct recruitment is prescribed as a method of appointment to be reported to only in the absence of qualified hands for promotion/transfer, it should also be made clear whether the method of promotion/transfer has been tried and if so with what results) or Transfer (the feeder category or categories should be specified wherever possible) or promotion :

4. The rules or orders of Government if any, prescribing any of the method under 3 above in respect of the post, the number and date of Government Order or the Service Rules to be quoted :

5. Qualifications prescribed for each method of recruitment including qualification regarding age :

6. The rules or orders of Government if any, prescribing the qualifications under item 5 above in respect of the post (Number and date of Government Order or Rule to be quoted) :

7. Number of vacancies (in the case of District-wise selections, specify whether vacancies are Headquarters or District vacancies) :

8. Whether the vacancy reported is a fresh one caused by retirement/promotion/creation/deputation etc. or NJD vacancy ie., vacancy caused by the Not Joining Duty of a candidate advised earlier :

9. If the vacancy is one caused by the not joining duty of candidate advised earlier, specify the name/names of candidates who failed to join duty and the date of advice of those candidates (use separate sheet if space in the :

pro forma is not sufficient)

10. Whether the vacancy has already been reported to the Commission, and if so, the number and date of letter reporting the vacancy and the number and date of communication if any received from the Commission may also be furnished :

11. The date of occurrence of vacancy :

12. Probable duration of the vacancies :

13. Designation of the appointing authority :

14. Other points if any

*Signature,*
*Name and Designation of*
*the Appointing Authority.*

# കേരള സർക്കാർ

## ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഉപദേശ-സി) വകുപ്പ്

## പരിപത്രം

നമ്പർ ഉപ.സി.-3/141/2017/ഉഭപവ. *തിരുവനന്തപുരം, 2017 ഡിസംബർ 20.*

വിഷയം:—ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്—നിയമനാധികാരികൾ ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ e-vacancy software സംവിധാനത്തിലൂടെ അറിയിക്കുന്നത്—സംബന്ധിച്ച്.

സൂചന:— 1. 24-7-2014-ലെ 15342/ഉപസി3/2014/ഉഭപവ. നമ്പർ പരിപത്രം.
2. 5-12-2014-ലെ 24741/ഉപസി3/2014/ഉഭപവ. നമ്പർ പരിപത്രം.
3. 30-3-2015-ലെ 4406/ഉപസി3/2015/ഉഭപവ. നമ്പർ പരിപത്രം.
4. 1-12-2015-ലെ 14816/ഉപസി3/2015/ഉഭപവ. നമ്പർ പരിപത്രം.
5. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 26-9-2017-ലെ ആർ&എ IV(2)7722/2016/ഗ.വി: നമ്പർ കത്ത്.

സൂചന (1)-ലെ പരിപത്രം പ്രകാരം 2014 ആഗസ്റ്റ് 1 മുതൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന അർത്ഥനാപത്രം (pro forma) ഇ-മെയിൽ വഴി മാത്രം പി. എസ്. സി.-ക്ക് അയയ്ക്കേണ്ടതാണെന്നും, ഇപ്രകാരം ഒഴിവുകൾ റിപ്പോർട്ട് ചെയ്യുമ്പോൾ പ്രൊഫോർമയിൽ നിയമനാധികാരിയുടെ ഡിജിറ്റൽ ഒപ്പ് ഉൾപ്പെടുത്തണമെന്നും, അതോടൊപ്പം ഒറിജിനൽ പ്രൊഫോർമയുടെ സ്കാൻ ചെയ്ത പകർപ്പ് ഇ-മെയിൽ ആയി പി. എസ്. സി.-ക്ക് അയയ്ക്കേണ്ടതാണെന്നും എല്ലാ നിയമനാധികാരികളെയും സർക്കാർ അറിയിച്ചിരുന്നു. എല്ലാ നിയമനാധികാരികൾക്കും ഡിജിറ്റൽ ഒപ്പ് ലഭ്യമാകാത്ത സാഹചര്യത്തിൽ തപാൽ മുഖേന റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകൾ സ്വീകരിക്കുന്ന കാലാവധി പി എസ്. സി. 31-1-2015 വരെ ദീർഘിപ്പിച്ചിട്ടുണ്ടെന്ന് സൂചന (2)-ലെ പരിപത്രം പ്രകാരവും തുടർന്ന് 30-4-2015 വരെ ദീർഘിപ്പിച്ചിട്ടുണ്ടെന്ന് സൂചന (3)-ലെ പരിപത്രം പ്രകാരവും അറിയിച്ചിരുന്നു. എന്നാൽ നിയമന നടപടികൾ വേഗത്തിലാക്കാൻ ഒഴിവുകൾ സ്വീകരിക്കുന്നതിനായി പി. എസ്. സി. പുതിയ e-vacancy software വികസിപ്പിക്കുകയുണ്ടായി.

GCPT. 3/4588/2017/S-25.

പി. എസ്. സി. യുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സൂചന (4)-ലെ പരിപത്രം പ്രകാരം e-vacancy software മുഖേന ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിക്കുകയും, അതിൻപ്രകാരം ഒഴിവുകൾ റിപ്പോർട്ട് ചെയ്യുവാൻ നിയമനാധികാരികൾക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു [സൂചനയിൽ പ്രതിപാദിച്ചിട്ടുള്ള പരിപത്രങ്ങൾ ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ (www.pard.kerala.gov.in) ലഭ്യമാണ്].

2. പി. എസ്. സി.-യുടെ e-vacancy software മുഖേന ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് ഡിജിറ്റൽ സിഗ്നേച്ചർ ലഭ്യമല്ലാത്ത വകുപ്പ്/സ്ഥാപനങ്ങൾ OTP (One Time Password) സംവിധാനം ഉപയോഗിച്ച് റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകൾ പരിഗണിക്കേണ്ടതില്ലായെന്നും, Hard copy ലഭ്യമാവുന്ന തീയതിയിൽ മാത്രം ഒഴിവുകൾ ലഭിച്ചതായി പരിഗണിച്ചാൽ മതിയെന്നും കമ്മീഷൻ തീരുമാനിച്ചിരിക്കുന്നതായും അതിനാൽ ഡിജിറ്റൽ സിഗ്നേച്ചർ ആർജ്ജിക്കാത്ത വകുപ്പുകൾ/സ്ഥാപനങ്ങൾ OTP (One Time Password) സംവിധാനം ഉപയോഗിച്ച് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുമ്പോൾ ഒഴിവുകളുടെ Hard copy ലഭ്യമാവുന്ന തീയതി മാത്രമേ authorised date (date of receipt of vacancy) ആയി പരിഗണിക്കുകയുള്ളൂവെന്നതിനാൽ ഡിജിറ്റൽ സിഗ്നേച്ചർ ഇല്ലാതെ e-vacancy software മുഖേന ഒഴിവുകൾ റിപ്പോർട്ട് ചെയ്യുമ്പോൾ തന്നെ നിയമനാധികാരി ഒപ്പുവെച്ച Hard copy കൂടി അയയ്ക്കേണ്ടതാണെന്നും, e-vacancy software മുഖേനയുള്ള ഒഴിവുകൾക്കൊപ്പം നിലവിൽ ഒഴിവുകൾ സ്വീകരിക്കുന്ന രീതിയായ തപാൽ/ഇ-മെയിൽ മുഖേനയുള്ളത് 31-12-2017 വരെ മാത്രമേ പരിഗണിക്കുകയുള്ളൂവെന്നും, ആകയാൽ എല്ലാ വകുപ്പ്/സ്ഥാപന നിയമനാധികാരികൾ അടിയന്തിരമായി ഡിജിറ്റൽ സിഗ്നേച്ചർ ആർജ്ജിച്ച് e-vacancy software മുഖേന മാത്രം ഒഴിവുകൾ റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും ഉള്ള കർശന നിർദ്ദേശങ്ങൾ സർക്കാർ പരിപത്രത്തിലൂടെ നൽകണമെന്ന് പി. എസ്. സി. സെക്രട്ടറി സൂചന (5) കത്ത് പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

3. കേരള പി. എസ്. സി.-യുടെ നിർദ്ദേശം സർക്കാർ വിശദമായി പരിശോധിച്ചു. അത് അംഗീകരിക്കേണ്ടതാണെന്ന് സർക്കാർ കാണുന്നു. ഈ സാഹചര്യത്തിൽ പി. എസ്. സി.-ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യേണ്ട രീതി സംബന്ധിച്ച് സർക്കാർ താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

(i) e-vacancy software മുഖേന ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനായി സൂചന (4) പരിപത്രത്തിലെ മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

(ii) തപാൽ/ഇ-മെയിൽ മുഖേന ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന നിലവിലെ രീതി 31-12-2017 വരെയായി നിജപ്പെടുത്തിയിരിക്കുന്നു.

(iii) e-vacancy software മുഖേന ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് ഡിജിറ്റൽ സിഗ്നേച്ചർ ആർജ്ജിക്കാത്ത വകുപ്പുകൾ/സ്ഥാപനങ്ങൾ OTP (One Time Password) സംവിധാനം ഉപയോഗിച്ച് e-vacancy software മുഖാന്തിരം ഒഴിവുകൾ റിപ്പോർട്ട് ചെയ്യുകയാണെങ്കിൽ, അപ്പോൾ തന്നെ നിയമന അധികാരി ഒപ്പു വെച്ച Hard copy കൂടി പി. എസ്.സി. ക്ക് അയയ്ക്കേണ്ടതാണ്. Hard copy ലഭ്യമാകുന്ന തീയതി മാത്രമേ authorised date (date of receipt of vacancy) ആയി പി. എസ്. സി. പരിഗണിക്കുകയുള്ളു.

(iv) ഇതുവരെയും ഡിജിറ്റൽ സിഗ്നേച്ചർ ആർജ്ജിച്ചിട്ടില്ലാത്ത വകുപ്പ്/സ്ഥാപന നിയമനാധികാരികൾ 31-12-2017-ന് മുമ്പായി ഡിജിറ്റൽ സിഗ്നേച്ചർ ആർജ്ജിക്കേണ്ടതാണ്.

(v) 1-1-2018 മുതൽ e-vacancy software മുഖേന മാത്രം നിയമനാധികാരികൾ ഒഴിവുകൾ പി. എസ്. സി. യെ അറിയിക്കേണ്ടതാണ്.

4. മേൽ നിർദ്ദേശങ്ങൾ എല്ലാ നിയമനാധികാരികളും കർശനമായി പാലിക്കേണ്ടതാണ്. ഇക്കാര്യത്തിൽ വീഴ്ചവരുത്തുന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

ബിശ്വനാഥ് സിൻഹ,
*പ്രിൻസിപ്പൽ സെക്രട്ടറി.*

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും,പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും, ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്കും.

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും, എല്ലാ സെക്ഷനുകൾക്കും (കീഴിൽ വരുന്ന, പി. എസ്. സി. മുഖാന്തിരം നിയമനം നടക്കേണ്ടതായ വകുപ്പുകളുടെ/സ്ഥാപനങ്ങളുടെ നിയമനാധികാരികളെ/മേധാവികളെ അറിയിക്കുന്നതിനായി).

എല്ലാ വകുപ്പ് മേധാവികൾക്കും/നിയമനാധികാരികൾക്കും ജില്ലാ കളക്ടർമാർക്കും.

ഗവർണ്ണറുടെ സെക്രട്ടറി (ആമുഖ കത്ത് സഹിതം).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം (ആമുഖ കത്ത് സഹിതം).

അക്കൗണ്ടന്റ് ജനറൽ, (എ & ഇ), കേരളം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം/തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം).

വിവര പൊതുജനസമ്പർക്ക വകുപ്പ് ഡയറക്ടർക്ക് (വിപുലമായ പ്രചാരണത്തിന്).

വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന് (കേരള സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്).

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

---

## കേരള സർക്കാർ

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-സി) വകുപ്പ്

### സർക്കുലർ

നമ്പർ ഉപ.സി.3/428/17/ഉഭപവ. *തിരുവനന്തപുരം, 2017 ഡിസംബർ 13.*

വിഷയം:—ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്—എൽ. ഡി. സി. (വിവിധം)/ എൽ. ജി. എസ്. (വിവിധം)—നിലവിലുള്ള റാങ്ക് ലിസ്റ്റുകളിൽ നിന്ന് പരമാവധി നിയമനം നടത്തുന്നതിലേക്കായി മുഴുവൻ ഒഴിവുകളും ഉണ്ടാവുന്ന മുറയ്ക്കുതന്നെ യാതൊരു കാലതാമസവും കൂടാതെ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നത്—സംബന്ധിച്ച്.

സംസ്ഥാനത്ത് നിലവിലുള്ള എൽ. ഡി. സി. (വിവിധം)/എൽ. ജി. എസ്. (വിവിധം) റാങ്ക് ലിസ്റ്റുകളിൽനിന്ന് നാളിതുവരെയുള്ള നിയമനം താരതമ്യേന കുറവാണെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. യഥാക്രമം 31-3-2015, 30-6-2015 എന്നീ തീയതികളിൽ നിലവിൽവന്ന പ്രസ്തുത റാങ്ക് ലിസ്റ്റുകളുടെ കാലാവധി യഥാക്രമം 30-3-2018, 29-6-2018 എന്നീ തീയതികളിൽ പൂർത്തിയാകും. ഈ സാഹചര്യത്തിൽ എൽ. ഡി. സി. തസ്തികയിൽ 2017 ഡിസംബർ, 2018 ജനുവരി, ഫെബ്രുവരി മാസങ്ങളിലും എൽ. ജി. എസ്. തസ്തികയിൽ 2017 ഡിസംബർ, 2018 ജനുവരി മുതൽ മേയ് വരെയുള്ള മാസങ്ങളിലും ഓരോ ജില്ലയിലും ഉണ്ടാവുന്ന ഒഴിവുകളുടെ എണ്ണം കൃത്യമായി നിർണ്ണയിച്ച് പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതായ മുഴുവൻ ഒഴിവുകളും ഉണ്ടാവുന്ന മുറയ്ക്കുതന്നെ യാതൊരു കാലതാമസവും കൂടാതെ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകുന്നു. ഇക്കാര്യത്തിൽ വീഴ്ചവരുത്തുന്ന വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും എതിരെ കർശന അച്ചടക്കനടപടി സ്വീകരിക്കുന്നതാണ്.

ബിശ്വനാഥ് സിൻഹ,
*പ്രിൻസിപ്പൽ സെക്രട്ടറി.*

GCPT. 3/4469/2017/S-15.

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും സ്പെഷ്യൽ സെക്രട്ടറിമാർക്കും ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്കും.

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും എല്ലാ സെക്ഷനുകൾക്കും (കീഴിൽവരുന്ന പി. എസ്. സി. മുഖാന്തിരം നിയമനം നടക്കേണ്ടതായ വകുപ്പുകളുടെ/സ്ഥാപനങ്ങളുടെ നിയമനാധികാരികളെ/മേധാവികളെ അറിയിക്കുന്നതിനായി).

എല്ലാ വകുപ്പ് മേധാവികൾക്കും/നിയമനാധികാരികൾക്കും.

എല്ലാ ജില്ലാ കള്കടർമാർക്കും.

ഗവർണ്ണറുടെ സെക്രട്ടറിക്ക് (ആമുഖ കത്ത് സഹിതം).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം (ആമുഖ കത്ത് സഹിതം).

അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരളം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം/തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം).

വിവര പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടർക്ക് (വിപുലമായ പ്രചാരണത്തിന്).

വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പിന് (കേരള സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്).

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

## കേരള സർക്കാർ

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-സി) വകുപ്പ്

### പരിപത്രം

നമ്പർ ഉപ.സി.1/222/17/ഉഭപവ. *തിരുവനന്തപുരം, 2017 ഒക്ടോബർ 7.*

വിഷയം:—ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്—നിയമനങ്ങൾ പി. എസ്. സി.-ക്ക് വിട്ട കേരള സർക്കാർ അധീനതയിലുള്ള സ്ഥാപനങ്ങളിൽ പി. എസ്. സി. മുഖാന്തിരം നിയമനം നടത്തുന്നതിന് വിശേഷാൽ ചട്ടങ്ങൾ (സ്പെഷ്യൽ റൂൾസ്) രൂപീകരിക്കുന്നതും ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതും—സംബന്ധിച്ച്.

സൂചന:—(1) 19-9-2014-ലെ 17482/ഉപസി3/2014/ഉഭപവ. നമ്പർ പരിപത്രം.

(2) 14-7-2014, 14-6-2016 തീയതികളിലെ 14079/ഉപസി1/2014/ഉഭപവ. നമ്പർ പരിപത്രങ്ങൾ.

നിയമനങ്ങൾ പി. എസ്. സി.-ക്ക് വിട്ടുകൊടുത്തിട്ടുള്ള വിവിധ കമ്പനി/ബോർഡ്/കോർപ്പറേഷൻ എന്നിവിടങ്ങളിലെ ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ടെന്ന് ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർ ഉറപ്പ് വരുത്തുവാനും ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കുവാൻ സെക്രട്ടറി തലത്തിൽ ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക് കർശന നിർദ്ദേശം നൽകുവാനും സൂചന (1) സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിരുന്നു. തുടർന്ന് നിയമനങ്ങൾ പി. എസ്. സി.-ക്ക് വിട്ട് നൽകിയ സ്ഥാപനങ്ങളിൽ പി. എസ്. സി. വഴി നിയമനം നടത്തുന്നതിനാവശ്യമായ വിശേഷാൽ ചട്ടങ്ങൾ (സ്പെഷ്യൽ റൂൾസ്) എത്രയുംവേഗം രൂപീകരിക്കുവാനും, ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ടുചെയ്യുവാനും വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർക്ക് സൂചന (2) പ്രകാരം നിർദ്ദേശം നൽകിയിരുന്നു.

GCPT. 3.3668/2017/S-26.

എന്നാൽ പി. എസ്. സി. വഴി നിയമനം നടത്തുന്നതിന് വിശേഷാൽ ചട്ടങ്ങൾ (സ്പെഷ്യൽ റൂൾസ്) രൂപീകരിക്കുവാനായി സ്ഥാപനങ്ങൾ വളരെയധികം കാലതാമസം വരുത്തുന്നതായും, ഒഴിവുകൾ സമയബന്ധിതമായി പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നില്ല എന്നും കാണിച്ച് നിരവധി പരാതികൾ സർക്കാരിന് ലഭിക്കുന്നുണ്ട്.

മേൽ സാഹചര്യത്തിൽ നിയമനം പി. എസ്. സി.-ക്ക് വിട്ട സ്ഥാപനങ്ങളിൽ നിയമനം നടത്തുന്നതിനായി വിശേഷാൽ ചട്ടങ്ങൾ (സ്പെഷ്യൽ റൂൾസ്) സമയബന്ധിതമായി രൂപീകരിക്കുവാനും ഒഴിവുകൾ യഥാസമയം പി. എസ്. സി.-യെ അറിയിക്കുവാനും ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർ അടിയന്തിര നടപടി സ്വീകരിക്കുവാൻ കർശന നിർദ്ദേശം ഇതിനാൽ നൽകുന്നു. ഇക്കാര്യത്തിൽ വീഴ്ചവരുത്തുന്ന സ്ഥാപനങ്ങളിലെ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കുന്നതാണ്.

ബിശ്വനാഥ് സിൻഹ,
*പ്രിൻസിപ്പൽ സെക്രട്ടറി.*

സെക്രട്ടേറിയറ്റിലെ എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും.

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്തുസഹിതം).

മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും, സെക്ഷനുകൾക്കും.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

I

# കേരള സർക്കാർ

## ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഉപദേശ-സി) വകുപ്പ്

## സർക്കുലർ

നമ്പർ ഉപ.സി.3/536/17/ഉഭപവ. *തിരുവനന്തപുരം, 2018 ഫെബ്രുവരി 7.*

വിഷയം:—ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്—പി.എസ്.സി. മുഖേനയുള്ള നിയമനം ത്വരിതപ്പെടുത്തുന്നതിനായി നിലവിലുള്ള ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നത്—സംബന്ധിച്ച്.

സംസ്ഥാനത്ത് നിലവിലുള്ള ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുന്നതിൽ നിയമനാധികാരികൾ കാലതാമസം വരുത്തുന്നു എന്നും അതിനാൽ നിയമനം ലഭിക്കാതെ വരുന്നു എന്നും ഉള്ള പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം സർക്കാർ വളരെ ഗൗരവമായി കാണുന്നു. അതിനാൽ നിയമന പ്രക്രിയ ത്വരിതപ്പെടുത്തുന്നതിനായി പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതായ വിവിധ വകുപ്പുകളിലെ നിലവിലുള്ള എല്ലാ ഒഴിവുകളും, കമ്പനി/കോർപ്പറേഷൻ/ബോർഡ്/യൂണിവേഴ്സിറ്റികൾ/സഹകരണ സ്ഥാപനങ്ങൾ എന്നിവയിലെ, നിയമനം പി. എസ്. സി.-ക്ക് വിട്ട തസ്തികകളിലെ എല്ലാ ഒഴിവുകളും അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകുന്നു. അതത് വകുപ്പിന് കീഴിൽ വരുന്ന നിയമനാധികാരികൾ ഒഴിവുകൾ കൃത്യമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ടെന്ന് വകുപ്പ് സെക്രട്ടറിമാർ ഉറപ്പുവരുത്തേണ്ടതാണെന്നും, ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുവാൻ സെക്രട്ടറി തലത്തിൽ ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക് കർശന നിർദ്ദേശം നൽകേണ്ടതാണെന്നും ഇതിനാൽ നിർദ്ദേശം നൽകുന്നു. ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർ കർശന അച്ചടക്കനടപടി സ്വീകരിക്കേണ്ടതാണ്.

ബിശ്വനാഥ് സിൻഹ,

*പ്രിൻസിപ്പൽ സെക്രട്ടറി.*

GCPT. 3/615/2018/S-25.

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറി മാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും, ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്കും.

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പു കൾക്കും, എല്ലാ സെക്ഷനുകൾക്കും (അടിയന്തര തുടർ നടപടിക്കായി).

എല്ലാ വകുപ്പുമേധാവികൾക്കും/നിയമനാധികാരികൾക്കും/ജില്ലാ കളക്ടർമാർക്കും.

ഗവർണ്ണറുടെ സെക്രട്ടറിക്ക് (ആമുഖ കത്ത് സഹിതം).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം (ആമുഖ കത്ത് സഹിതം).

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം/തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം).

വിവര പൊതുജനസമ്പർക്ക വകുപ്പ് ഡയറക്ടർക്ക് (വിപുലമായ പ്രചാരണത്തിന്).

വിവര പൊതുജനസമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പിന് (കേരള സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്).

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**കേരള സർക്കാർ**

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഉപദേശ-സി) വകുപ്പ്

സർക്കുലർ

നം. ഉ.പ.സി.3/428/2017/ഉഭപവ *തിരുവനന്തപുരം, 2018 മാർച്ച് 17*

വിഷയം: ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് - സംസ്ഥാനത്ത് നിലവിലുള്ള എൽ.ഡി.സി (വിവിധം) റാങ്ക് ലിസ്റ്റുകളിൽ നിന്നും പരമാവധി നിയമനം നടത്തുന്നതിനായി മുഴുവൻ ഒഴിവുകളും 27.03.2018-നകം പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്നതു സംബന്ധിച്ച്-

സൂചന : 13.12.2017 ലെ ഉപസി-3/428/2017/ഉഭപവ നമ്പർ സർക്കുലർ.

സംസ്ഥാനത്ത് നിലവിലുള്ള എൽ.ഡി ക്ലാർക്ക് (വിവിധം) റാങ്ക് ലിസ്റ്റിൽ നിന്നും പരമാവധി നിയമനം നടത്തുന്നതിലേക്കായി ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്കുതന്നെ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും സൂചന പ്രകാരം നിർദ്ദേശം നൽകിയിരുന്നു.

2. 30.03.2015ൽ നിലവിലുണ്ടായിരുന്ന എൽ.ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നൽകുന്നതിനായി ഈ റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുശേഷം 2015 ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിൽ ഉണ്ടായ പ്രതീക്ഷിത ഒഴിവുകൾ മുൻകൂറായി സൂപ്പർ ന്യൂമറി തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുന്നതിനായി പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിരുന്നു. ഇപ്രകാരം റിപ്പോർട്ട് ചെയ്ത തസ്തികകളിലേക്ക് 30.03.2015ൽ അവസാനിച്ച റാങ്ക് ലിസ്റ്റിൽനിന്നും നിയമനവും നടത്തിയിരുന്നു. കൂടാതെ, ആശ്രിത നിയമന വ്യവസ്ഥ പ്രകാരം ഉണ്ടായിരുന്ന അപേക്ഷകളിൽ നിയമന ഊഴം കണക്കാക്കാതെ മുൻകൂറായി സൂപ്പർ ന്യൂമറി തസ്തികകൾ സൃഷ്ടിച്ചും നിയമനം നടത്തിയിരുന്നു. ഇപ്രകാരം സൂപ്പർ ന്യൂമറി തസ്തികയിൽ ജോലിയിൽ പ്രവേശിച്ചവരെ ഇപ്പോൾ നിലവിലുള്ള (31.03.2015ൽ നിലവിൽ വന്നത്) എൽ.ഡി ക്ലാർക്ക് റാങ്ക് ലിസ്റ്റിന്റെ കാലയളവിലുണ്ടായ ഒഴിവുകൾ ഉപയോഗിച്ച് റഗുലറൈസ് ചെയ്യുകയുണ്ടായി. അതിനാൽ, നിലവിലെ എൽ.ഡി ക്ലാർക്ക് റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം താരതമ്യേന കുറഞ്ഞതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിലെ റാങ്ക് ലിസ്റ്റിൽ നിന്നും സൂപ്പർ ന്യൂമറി തസ്തിക സൃഷ്ടിച്ച് നിയമനം നടത്തുവാനും റാങ്ക് ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിക്കുവാനും ആവശ്യപ്പെട്ട് നിരവധി നിവേദനങ്ങളും സർക്കാരിന് ലഭിച്ചുവരുന്നു.

3. സൂപ്പർ ന്യൂമറി തസ്തിക സൃഷ്ടിച്ച് നിയമനം നൽകുന്നതും റാങ്ക് ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിക്കുന്നതും നല്ല പ്രവണതയായി സർക്കാർ കാണുന്നില്ല. അതിനാൽ, സൂപ്പർ ന്യൂമറി തസ്തിക സൃഷ്ടിച്ച് നിയമനം നൽകേണ്ടതില്ലെന്നും, റാങ്ക് ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിക്കേണ്ടതില്ലെന്നും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ, മേൽ വസ്തുതകൾ പരിഗണിച്ച് **30.03.2018 ൽ അവസാനിക്കുന്ന എൽ.ഡി ക്ലാർക്ക് റാങ്ക് ലിസ്റ്റിൽ നിന്നും പരമാവധി നിയമനം നടത്തുന്നതിനായി നിലവിൽ ആശ്രിത നിയമനത്തിനായി**

നീക്കിവച്ചിട്ടുള്ളതോ, തസ്തികമാറ്റ നിയമനത്തിനായി നീക്കിവച്ചിട്ടുള്ളതോ, മറ്റു തരത്തിൽ നീക്കിവച്ചിട്ടുള്ളതോ ഉൾപ്പെടെ എല്ലാ ഒഴിവുകളും 27.03.2018-നകം തന്നെ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകുന്നു. ഇക്കാര്യത്തിൽ വീഴ്ചവരുത്തുന്നവർക്കെതിരെ ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർ കർശന അച്ചടക്ക നടപടി സ്വീകരിക്കേണ്ടതാണ്.

4. ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തതു സംബന്ധിച്ച വിശദാംശങ്ങൾ 27.03.2018 വൈകുന്നേരം 5 മണിക്ക് മുമ്പായി ഈ വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

**ബിശ്വനാഥ് സിൻഹ,**
*പ്രിൻസിപ്പൽ സെക്രട്ടറി*

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും സ്പെഷ്യൽ സെക്രട്ടറിമാർക്കും ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്കും.

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും എല്ലാ സെക്ഷനുകൾക്കും (കീഴിൽ വരുന്ന പി.എസ്.സി മുഖാന്തിരം നിയമനം നടക്കേണ്ടതായ വകുപ്പുകളുടെ/സ്ഥാപനങ്ങളുടെ നിയമനാധികാരികളെ/മേധാവികളെ അറിയിക്കുന്നതിനായി).

എല്ലാ വകുപ്പ് മേധാവികൾക്കും/നിയമനാധികാരികൾക്കും.

എല്ലാ ജില്ലാ കളക്ടർമാർക്കും.

ഗവർണ്ണറുടെ സെക്രട്ടറിക്ക് (ആമുഖ കത്ത് സഹിതം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം (ആമുഖ കത്ത് സഹിതം)

അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരളം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ , തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം/തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം).

വിവര പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടർക്ക് (വിപുലമായ പ്രചാരണത്തിന്)

വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പിന് (കേരള സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.